മലയാള മനോരമ

15 February 1976

# ചെമ്മീൻകുഞ്ഞുങ്ങളെ ലബോറട്ടറിയിൽ വിരിയിച്ചെടുത്തു

കൊച്ചി: വിദേശവിപണിയിൽ വിലപിടിപ്പുള്ള നാരൻചെമ്മീനിന്റെ കുഞ്ഞുങ്ങളെ ഇന്ത്യയിൽ ഇദംപ്രഥമമായി പരീക്ഷണശാലയിൽ ഉൽപാദിപ്പിച്ചെടുക്കുന്നതിൽ സെൻട്രൽമറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (കൊച്ചി) ശാസ്ത്രജ്ഞന്മാർ വിജയിച്ചു.

കൊച്ചിയിൽ ആഴക്കടലിൽനിന്ന് പിടിച്ചെടുത്ത പ്രായപൂർത്തിയായ നാരൻചെമ്മീൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഞാറയ്ക്കൽ ഉള്ള ലബോറട്ടറിയിൽ വളർത്തി അവ മുട്ട ഇട്ട് വിരിയിച്ചാണ് ഈ പരീക്ഷണം വിജയകരമായി നടത്തിയത്.

ഈ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, വൻതോതിൽ നാരൻ ചെമ്മീൻ ഉൽപാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ശ്രമം തുടങ്ങിക്കഴിഞ്ഞെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ. ജി. സൈലസ് പറഞ്ഞു.